ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ദേശീയ അധ്യാപക പുരസ്കാര ജേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. രാജ്യത്തിൻറെ ഭാവി രൂപപ്പെടുത്തുന്നതിൽ അധ്യാപകർ സുപ്രധാന പങ്കാണ് വഹിക്കുന്നതെന്ന് പ്രധാനമന്ത്രി.

**PM Modi met with teachers honoured with National awards on the occasion of Teacher's Day. PM praised their dedication, highlighting their vital role in shaping the nation's future.**

2) മഴവെള്ള സംഭരണത്തിനായി ഗുജറാത്തിൽ നടപ്പാക്കുന്ന 'ജൽ സഞ്ചയ് ജൻ ഭാഗീദാരി' പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി അൽപസമയത്തിനകം നിർവഹിക്കും.

**PM Narendra Modi launched ‘Jal Sanchay Jan Bhagidari’ initiative at Surat in Gujarat today.**

3) സ്വച്ഛ് ഭാരത് ദൗത്യം നടപ്പിലാക്കിയതിലൂടെ രാജ്യത്ത് ശിശുമരണ നിരക്ക് കുറഞ്ഞതായി പഠന റിപ്പോർട്ട്.

**Swachh Bharat Mission in India averted 60 to 70 thousand infant deaths annually between 2011 and 2020, says study published in international science journal Nature.**

4) . ഐശ്വര്യത്തിൻറെയും സമൃദ്ധിയുടെയും നാളുകളുടെ വരവറിയിച്ച് ഇന്ന് അത്തം. ഓണാഘോഷങ്ങൾക്ക് തുടക്കംകുറിച്ച് തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര നടന്നു.

**Marking the start of 10-day Onam festival in Kerala, Athachamayam procession held in Tripunithura.**

5) **ഓണാഘോഷ പരിപാടികളിൽ നിന്നും ജനങ്ങൾ വിട്ടുനിൽക്കണമെന്ന് സർക്കാർ അഭ്യർത്ഥിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതുമായി ബന്ധപ്പെട്ട് തെറ്റായ വാർത്തകൾ പ്രചരിക്കുന്നതായും മുഖ്യമന്ത്രി.**

**Chief Minister Pinarayi Vijayan said that the state government has not requested people to stay away from Onam celebrations. The Chief Minister denied the false news spreading in this regard.**

6) **പാരിസ് പാരിലിമ്പിക്സിൻറെ ഒൻപതാം ദിനത്തിൽ മെഡൽ പ്രതീക്ഷകൾ തുടർന്ന് ഇന്ത്യ.**

**India's medal hopes continue on the ninth day of Paris Paralympics.**

**************************************************

## PM INTERACTION

ഈ വർഷത്തെ ദേശീയ അധ്യാപക പുരസ്ക്കാര ജേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. അധ്യാപകരുടെ ആത്മ സമർപ്പണത്തെ പ്രശംസിച്ച പ്രധാനമന്ത്രി, രാജ്യത്തിൻറെ ഭാവി രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കാണ് അവർ വഹിക്കുന്നതെന്നും പറഞ്ഞു. വിദ്യാഭ്യാസ രംഗത്തെ നൂതനമാക്കുന്നതിനായി പ്രവർത്തനം തുടരണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ ചടങ്ങിൽ സന്നിഹിതനായിരുന്നു. കേരളത്തിൽ നിന്നുള്ള 2 അധ്യാപകർ ഉൾപ്പെടെ 82 പേരാണ് ഇന്നലെ രാഷ്ട്രപതിയിൽ നിന്ന് പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങിയത്. ആലപ്പുഴ S.D.B.V.H.S.S ലെ ജിനു ജോർജ്ജ്, പാലക്കാട് കുണ്ടൂർക്കുന്ന് V.P.A.U.P.S- ലെ കെ ശിവപ്രസാദ് എന്നിവരാണ് പുരസ്കാരം ലഭിച്ച മലയാളികൾ.

**************************************************

## PM GUJRAT

മഴവെള്ള സംഭരണത്തിനായി ഗുജറാത്തിൽ നടപ്പാക്കുന്ന 'ജൽ സഞ്ചയ് ജൻ ഭാഗീദാരി' പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനായി നിർവഹിച്ചു. പരിപാടിയുടെ ഭാഗമായി ഗുജറാത്തിലുടനീളം 25,000-ത്തോളം മഴവെള്ള സംഭരണികൾ നിർമിക്കും. ദീർഘകാല ജല സുസ്ഥിരത ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഗുജറാത്ത് സർക്കാരും കേന്ദ്ര ജൽ ശക്തി മന്ത്രാലയവും സംയുക്തമായാണ് സംരംഭം നടപ്പാക്കുന്നത്. പൊതുജനങ്ങളെയും,

തദ്ദേശ സ്ഥാപനങ്ങളെയും, വ്യവസായ സംരംഭകരെയും പദ്ധതിയിൽ പങ്കാളികളാക്കും. ജനകീയ പങ്കാളിത്തത്തോടെയുള്ള ഗുജറാത്തിലെ മഴവെള്ള സംഭരണ പദ്ധതികൾ രാജ്യത്തിനു തന്നെ മാതൃകയായാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

*********************************************

## SWACHH BHARAT MISSION

സ്വച്ഛ് ഭാരത് ദൗത്യം നടപ്പിലാക്കിയതിലൂടെ രാജ്യത്ത് ശിശുമരണ നിരക്ക് കുറഞ്ഞതായി പഠന റിപ്പോർട്ട്. ശാസ്ത്ര മാസികയായ നേച്ചറിലാണ് 2011-20 കാലയളവിൽ പ്രതിവർഷം 60,000-നും 70,000 നുമിടയിൽ ശിശുമരണം കുറയ്ക്കാൻ സാധിച്ചതായി പ്രതിപാദിക്കുന്നത്. സ്വച്ഛ് ഭാരത് ദൗത്യവും ശിശുമരണ നിരക്കും സംബന്ധിച്ച് അന്താരാഷ്ട്ര ഭക്ഷ്യ നയ ഗവേഷണ കേന്ദ്രം, കാലിഫോർണിയ സർവകലാശാല, ഒഹിയോ സ്റ്റേറ്റ് യൂണിവേഴ്സിറ്റി എന്നിവയിലെ ഗവേഷകർ പഠനം നടത്തിയിരുന്നു. 35 സംസ്ഥാനങ്ങളിലെയും 640 ജില്ലകളിലെയും ശിശുമരണ നിരക്ക് സംബന്ധിച്ച രേഖകൾ പരിശോധിച്ചാണ് ശിശുമരണ നിരക്ക് കുറയ്ക്കാൻ ദൗത്യം സഹായകമായതായി കണ്ടെത്തിയത്. വൃത്തിയുള്ളതും സുരക്ഷിതവുമായ ശൗചാലയങ്ങൾ രാജ്യത്തെ പൊതു ആരോഗ്യമേഖലയിൽ മികച്ച രീതിയിലുള്ള മാറ്റം കൊണ്ടുവന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. സ്വച്ഛ്ഭാരത് ദൗത്യത്തിൻറെ നേട്ടങ്ങൾ സംബന്ധിച്ച ഗവേഷണഫലങ്ങൾ സന്തോഷം പകരുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇതിൻറെ ഭാഗമായി ശൗചാലയങ്ങൾ നിർമിച്ചു നൽകിയതിലൂടെ ശിശുമരണ നിരക്ക് കുറയ്ക്കാനും ശുചിത്വം ഉറപ്പുവരുത്താനും സാധിച്ചതായും അദ്ദേഹം വ്യക്തമാക്കി.

*********************************************

## JAISHANKAR

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ബ്രൂണൈ, സിംഗപൂർ സന്ദർശനം ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയത്തിന് ആക്കം കൂട്ടിയതായി വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. സന്ദർശനത്തിലൂടെ ഇരു രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ നയതന്ത്ര- സാമ്പത്തിക ബന്ധം ശക്തിപ്പെട്ടതായും ശ്രീ ജയശങ്കർ സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ബ്രൂണൈ, സിംഗപ്പൂർ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി

നരേന്ദ്രമോദി ഇന്നലെയാണ് ന്യൂഡൽഹിയിൽ തിരിച്ചെത്തിയത്. ഇരു രാജ്യങ്ങളുമായി വിവിധ ധാരണാപത്രങ്ങളും സന്ദർശനത്തിൻറെ ഭാഗമായി കൈമാറി.

*************************************************

## ASHWINI VAISHNAW – JAPAN

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ, റെയിൽവേ മന്ത്രി
അശ്വിനി വൈഷ്ണവ് ജാപ്പനീസ് ഡിജിറ്റൽ പരിവർത്തന മന്ത്രിയുമായി ടോകിയോയിൽ കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഡിജിറ്റൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ചർച്ചകൾ കൂടിക്കാഴ്ചയിൽ നടന്നു. ഇന്ത്യ – ജപ്പാൻ നയതന്ത്ര പങ്കാളിത്തം സംബന്ധിച്ചും ഇരുവരും ചർച്ച നടത്തി. അടിസ്ഥാന സൗകര്യം, ഗതാഗതം, വിനോദ സഞ്ചാരം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ജാപ്പനീസ് മന്ത്രിമാരുമായും ശ്രീ അശ്വിനി വൈഷ്ണവ് ചർച്ച നടത്തി.

*************************************************

## ATHAM – (INTRO)

ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ഇന്ന് അത്തം. ഓണത്തെ വരവേൽക്കാനുള്ള തയ്യാറെടുപ്പുകളിലായിരിക്കും ഇനിയുള്ള ദിവസങ്ങളിൽ നാടും നഗരവും.

ഒരു റിപ്പോർട്ട് ...

VOICE...........

ജാതി മത ഭേദമന്യേ മലയാളികളുടെ വീട്ടുമുറ്റത്ത് പൂക്കളങ്ങൾ വിരിഞ്ഞ് തുടങ്ങി. അത്തം പത്തിന് തിരുവോണം വരെ ഒരുക്കുന്ന പൂക്കളത്തിനുമുണ്ട് പ്രത്യേകത. അത്തം കറുത്താൽ ഓണം വെളുക്കും എന്നൊരു പഴഞ്ചൊല്ലും ഓണാഘോഷങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്ത് ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് പ്രസിദ്ധമായ അത്തച്ചമയ ഘോഷയാത്ര തൃപ്പൂണിത്തുറയിൽ ഇന്ന് നടന്നു. കൊച്ചി രാജാവ് തൃപ്പൂണിത്തുറയിൽ നിന്ന് തൃക്കാക്കര ക്ഷേത്രത്തിലെ ഓണാഘോഷങ്ങളിൽ പങ്കെടുക്കാൻ പുറപ്പെട്ടിരുന്നതിനെ അനുസ്മരിച്ചാണ് അത്തം ഘോഷയാത്ര നടത്തുന്നത്. സ്പീക്കർ എ എൻ ഷംസീർ ഘോഷയാത്ര ഉദ്ഘാടനം ചെയ്തു. ഓണവിപണികളും

സംസ്ഥാനത്ത് സജീവമായി കഴിഞ്ഞു. സപ്ലൈകോ കൺസ്യൂമർ ഫെഡ്, കുടുംബശ്രീ ഓണച്ചന്തകളിലൂടെ വിലക്കുറവിൽ അവശ്യസാധനങ്ങൾ എത്തിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. വയനാട് ദുരന്തമേൽപിച്ച ആഘാതത്തിനിടയിലും സമൃദ്ധിയുടേയും ഒരുമയുടേയും ഓണാഘോഷങ്ങളിലേക്ക് കടക്കുകയാണ് മലയാളികൾ.

ന്യൂസ് ഡെസ്ക്, ആകാശവാണി.....

**********************************************

## KERALA CM – ONAM

ഓണാഘോഷ പരിപാടികളിൽ നിന്നും ജനങ്ങൾ വിട്ടുനിൽക്കണമെന്ന് സർക്കാർ അഭ്യർത്ഥിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വയനാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ഓണാഘോഷവുമായി ബന്ധപ്പെട്ട് തെറ്റായ വാർത്തകൾ പ്രചരിക്കുന്നതായും അദ്ദേഹം പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഓണം വാരാഘോഷ പരിപാടികളാണ് ഒഴിവാക്കിയതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

**********************************************

## ബ്രേക്ക്......

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

**********************************************

## GOVERNOR – PANGODE

പ്രതിരോധ പെൻഷൻകാർക്കായുള്ള സ്പർശ് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പ്രതിരോധ പെൻഷൻകാർക്കായി പാങ്ങോട് സൈനിക കേന്ദ്രത്തിൽ സംഘടിപ്പിച്ച സ്പർഷ് ഔട്ട്റീച്ച് പ്രോഗ്രാമിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു ഗവർണർ. ഒട്ടേറെ ത്യാഗം സഹിച്ച് രാജ്യത്തിനായി സേവനം നടത്തുന്നവരാണ് സൈനികർ. സൈനികരെയും സൈനികരുടെ കുടുബത്തെയും സഹായിക്കുന്നതിൽ സ്പർശ് പദ്ധതി വലിയ പങ്കാണ് വഹിക്കുന്നതെന്നും ഗവർണർ പറഞ്ഞു. ചെന്നൈ ഡിഫൻസ് അക്കൗണ്ട്സ് കൺട്രോളർ ടി. ജയശീലൻ, I.D.A.S തിരുവനന്തപുരം സൈനിക കേന്ദ്രം കമാൻഡർ ബ്രിഗേഡിയർ സലിൽ എംപി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തിരുവനന്തപുരത്തും

സമീപ ജില്ലകളിൽ നിന്നുമായി 1,500-ഓളം ഡിഫൻസ് പെൻഷൻകാരും ഫാമിലി, സിവിലിയൻ പെൻഷൻകാരും ഔട്ട്റീച്ച് പ്രോഗ്രാമിൽ പങ്കെടുത്തു.

**********************************************

## J K-NOMINATION

ജമ്മുകശ്മീരിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ആറു ജില്ലകളിലെ 26 നിയമസഭാ മണ്ഡലങ്ങളിലേക്ക് 310 സ്ഥാനാർത്ഥികൾ നാമനിർദേശപത്രിക സമർപ്പിച്ചു. പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചിരുന്നു. ഈ മാസം 25-നാണ് ജമ്മുകശ്മീരിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ്.

**********************************************

## TELANGANA MAOISTS

തെലങ്കാനയിൽ ആറ് മാവോയിസ്റ്റുകളെ പൊലീസ് സേന വധിച്ചു. ഭദ്രാദരി കൊത്താഗുഡെ ജില്ലയിലെ വനമേഖലയിൽ നടന്ന ഏറ്റുമുട്ടലിലാണ് രണ്ട് സ്ത്രീകൾ ഉൾപ്പെടെ കൊല്ലപ്പെട്ടത്. ആക്രമണത്തിൽ രണ്ട് പൊലീസുകാർക്കും പരിക്കേറ്റു. . പ്രദേശത്ത് നിന്നും രണ്ട് എ.കെ- 47 തോക്കുകളും മറ്റ് ആയുധങ്ങളും പിടിച്ചെടുത്തു.

**********************************************

## AP FLOOD

ആന്ധ്രാപ്രദേശ് വെള്ളപ്പൊക്കത്തിൽ പ്രാഥമിക കണക്കുകൾ പ്രകാരം 1.8 ലക്ഷം ഹെക്ടറിലെ വിളകൾ നശിച്ചതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. രണ്ട് ലക്ഷത്തോളം കർഷകരെ വെള്ളപ്പൊക്കം ബാധിച്ചു. ആന്ധ്ര, തെലങ്കാന സംസ്ഥാനങ്ങൾക്ക് എല്ലാ സഹായവും നല്കുമെന്നും കൃഷി മന്ത്രി ഉറപ്പുനൽകി. ഇരു സംസ്ഥാനങ്ങളിലെയും ദുരിതബാധിതർക്ക് പൂർണ്ണ പിന്തുണ നൽകാൻ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾക്ക് ധനമന്ത്രാലയം നിർദ്ദേശം നൽകി. വിജയവാഡയിലെ ബുഡാമേരു കനാലിലെ തകരാർ പരിഹരിക്കാനായി 40 അംഗ സൈനിക എഞ്ചിനീയറിങ്ങ് സംഘവും എത്തിച്ചേർന്നിട്ടുണ്ട്.

**************************************************

## PARIS PARALYMPICS

പാരിസ് പാരാലിമ്പിക്സ് ജൂഡോയിൽ വെങ്കല മെഡൽ നേടിയ കപിൽ പർമാരിന് അഭിനന്ദനം അറിയിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. ജൂഡോയിൽ ഇന്ത്യയുടെ ആദ്യ പാരാലിമ്പിക്സ് മെഡലാണിത്. പാരാലിമ്പിക്സ് 9-ആം ദിനത്തിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയുമായി പുരുഷൻമാരുടെ ജാവലിൻ ത്രോ ഫൈനലിൽ ദീപേഷ് കുമാറും, ഹൈജമ്പിൽ പ്രവീൺ കുമാറും  ഇന്നിറങ്ങും. വനിതകളുടെ 67 കിലോഗ്രാം പവർലിഫ്റ്റിംഗിൽ കസ്തൂരി രാജാമണിയും ജാവലിൻ ത്രോയിൽ ഭാവന ബെൻ ചൗധരിയും ഇന്ന് ഫൈനൽ പോരാട്ടത്തിനിറങ്ങുന്നുണ്ട്. പാരാലിമ്പിക്സിൽ നിലവിൽ 25 മെഡലുകളുമായി ഇന്ത്യ 16 ആം സ്ഥാനത്താണ്.

**************************************************

## WRESTLING- U20 GOLD

സ്പെയിനിൽ നടക്കുന്ന അണ്ടർ - 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് സ്വർണ്ണം. വനിതകളുടെ 76 കിലോഗ്രാം ഫ്രീസ്റ്റൈൽ ഇനത്തിൽ ജ്യോതി ബെർവാൽ യുക്രൈൻ താരത്തെ പരാജയപ്പെടുത്തിയാണ് സ്വർണ മെഡൽ നേടിയത്. അണ്ടർ - 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ തുടർച്ചയായ രണ്ടാം സ്വർണമെഡൽ നേട്ടമാണിത്. കഴിഞ്ഞ വർഷം പ്രിയ മാലിക്ക് ഇതെ ഇനത്തിൽ സ്വർണ്ണം നേടിയിരുന്നു.

**************************************************

## KERALA CRICKET LEAGUE

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് ഉച്ചയ്ക്ക് 2.30- ന് നടക്കുന്ന ആദ്യ മത്സരത്തിൽ ആലപ്പി റിപ്പിൾസ്, ഏരീസ് കൊല്ലം സെയിലേഴ്സിനെ നേരിടും. വൈകുന്നേരം 6.45-ന് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, ട്രിവാൻഡ്രം റോയൽസുമായി ഏറ്റുമുട്ടും.  കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

**************************************************

## VLADIMIR PUTIN

യുക്രൈൻ സമാധാന കരാറിൽ ഇടനിലക്കാരാകാൻ ഇന്ത്യ, ബ്രസീൽ, ചൈന എന്നീ രാജ്യങ്ങൾക്ക് സാധിക്കുമെന്ന് റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിൻ. കിഴക്കൻ സാമ്പത്തിക ഫോറത്തിൻറെ പ്ലീനറി സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മൂന്ന് രാജ്യങ്ങളുമായി നിരന്തരം സംഭാഷണം നടത്തിവരുന്നതായും യുക്രൈൻ പ്രതിസന്ധി അവസാനിപ്പിക്കണമെന്ന് ഈ രാജ്യങ്ങൾ നിരന്തരം ആവശ്യപ്പെടുന്നതായും പുടിൻ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യ- യുക്രൈൻ സന്ദർശനം ഒരു മാസം പിന്നിടുന്ന പശ്ചാത്തലത്തിലാണ് പുടിൻറെ പ്രസ്താവന. സന്ദർശന വേളയിൽ ഇന്ത്യ എന്നും സമാധാനത്തിൻറെ പക്ഷത്ത് നിലകൊള്ളുന്നതായി പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു.

*********************************************

*********************************************

*********************************************